**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5927** **25-03-2025 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി ലൈൻ മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | തിരൂരങ്ങാടി മണ്ഡലത്തിലെ പരപ്പനങ്ങാടി നഗരസഭയിലെ അങ്ങാടി ബീച്ച് ഭാഗത്ത് ജനവാസ മേഖലയിലൂടെ കടന്നുപോകുന്ന വൈദ്യുതി ലൈൻ, തൊട്ടടുത്ത തീരദേശ റോഡിലൂടെ ആക്കി മാറ്റണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ലോ ടെൻഷൻ (LT) ലൈനുകൾ സാധാരണഗതിയിൽ ജനവാസമേഖലയിലൂടെയാണ് കടന്നു പോകുന്നത്. ജനങ്ങൾക്ക് സർവ്വീസ് കണക്ഷനുകൾ നൽകുന്നതിന്റെ ഭാഗ മായാണ് ടി ലൈനുകൾ നിർമ്മിച്ചിട്ടുള്ളത് എന്നതുകൊണ്ട് ഇവ പൂർണ്ണമായും തീരദേശ റോഡിലേക്ക് മാറ്റുന്നത് സാങ്കേതികമായി അസാധ്യമാണ്. |
| (ബി) | ജനവാസ മേഖലയിലൂടെയുള്ള വൈദ്യുതി ലൈൻ അപകടങ്ങൾക്ക് കാരണമാകും എന്നതിനാലും, ജനങ്ങൾക്ക് പ്രയാസകരമായതിനാലും പ്രസ്തുത വൈദ്യുതി ലൈൻ തൊട്ടടുത്ത പൊതുമരാമത്ത് വകുപ്പ് റോഡിലൂടെ ആക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | ഇത്തരം ഒരു ആവശ്യം ശ്രദ്ധയിൽ പ്പെട്ടിട്ടില്ലാത്തതിനാൽ നടപടികൾ സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ